അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

വ്യാജ ഡോക്ടർമാർ

89(789) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യാജ ഡോക്ടർമാരെ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) വ്യാജ ഡോക്ടർമാരെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12 (പന്ത്രണ്ട്) വ്യാജ ഡോക്ടർമാരെ ആരോഗ്യ വകുപ്പിൽ കണ്ടെത്തി. ഇവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പി.എസ്.സി. മുഖാന്തരം നിയമിക്കപ്പെട്ടവർ, സീനിയർ/ജൂനിയർ റസിഡന്റുമാർ/കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ തുടങ്ങിയവരാണ് ആരോഗ്യ വകുപ്പിൽ പ്രവർത്തിച്ചുവരുന്നത്. നിയമനം നടത്തുമ്പോൾത്തന്നെ ഇവരുടെ യോഗ്യത കൃത്യമായി മനസ്സിലാക്കി ഉറപ്പുവരുത്തി മാത്രമേ നിയമനം നൽകാറുള്ളൂ. പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് റിപ്പോർട്ട് ചെയ്യുവരുന്നു.

താലൂക്കാശുപത്രികളിലെ മോർച്ചറി സൗകര്യം

90(790) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്കാശുപത്രികളിൽ എത്രയെണ്ണത്തിൽ മോർച്ചറി സൗകര്യമുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത വിഷയത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ട് ശുദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

GPM. 2/238/2020-21

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാൽപ്പത്തിരണ്ട്. ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം

91(791) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ആശുപത്രികളിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ആശുപത്രികൾക്കാണ് ഈ അംഗീകാരം ലഭിച്ചത്; വിശദമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയാണ് ആശുപത്രികളുടെ ഗുണനിലവാരം പരിശോധിച്ച് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ നൽകുന്നത്. ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ്. എറണാകുളം ഗവൺമെന്റ് ജനറൽ ആശുപത്രി, തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പേരാമ്പ്ര താലൂക്ക് ആശുപത്രി, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്റർ, പാലക്കാട് ഷൊർണ്ണൂരുള്ള ഐക്കോൺസ് ആശുപത്രി, എറണാകുളത്തുള്ള സി.എച്ച്.സി., വൈറ്റില്ല മൊബിലിറ്റി ഹബ് ആശുപത്രി, ജില്ലാ ആശുപത്രി കണ്ണൂർ എന്നിവയ്ക്ക് കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭിക്കുകയുണ്ടായി. 2014-ൽ ജനറൽ ആശുപത്രി എറണാകുളത്തിന്റെ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ മൂന്ന് വർഷത്തേക്ക് പുതുക്കി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly